# കേരളസർവകലാശാല

നം.പി.ആർ.17/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല പഠന വകുപ്പുകൾക്ക് ജനുവരി 30 വരെ അവധി

കേരളസർവകലാശാല പഠനവകുപ്പുകളിൽ പോസ്റ്റ് ഗ്രാജുവേറ്റ്, എം.ഫിൽ ക്ലാസുകൾക്ക് ജനുവരി 30 വരെ വൈസ്ചാൻസലർ അവധി പ്രഖ്യാപിച്ചു. ഈ ദിവസങ്ങളിൽ ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദേശം നൽകി ഉത്തരവായിട്ടുണ്ട്. ഗവേഷക വിദ്യാർത്ഥികളും അദ്ധ്യാപകരും ഡിപ്പാർട്ട്മെന്റുകളിൽ ഹാജരാകേണ്ടതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.) (2017 അഡ്മിഷൻ – റെഗുലർ) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.ടെക്. (ഫുൾടൈം/പാർട്ട്ടൈം) മൂന്നാം സെമസ്റ്റർ എം.ടെക്. (പാർട്ട് ടൈം) (2008 സ്കീം – മേഴ്സിചാൻസ്, ജനുവരി 2020) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 18 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2020 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്.സി./ബി.കോം. ഡിഗ്രി (റെഗുലർ – 2018 അഡ്മിഷൻ, സപ്ലിമെന്ററി – 2015, 2016, 2017 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 2 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 5 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 8 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ എം.ആർക്ക്./എം.പ്ലാനിംഗ് (2013 സ്കീം – സപ്ലിമെന്ററി) ഫെബ്രുവരി 2021 പരീക്ഷകൾക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജനുവരി 29 വരെയും പിഴയോടെ ഫെബ്രുവരി 4 വരെയും അപേക്ഷിക്കാം. തീസിസ് സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 1. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2018 അഡ്മിഷൻ – റെഗുലർ/2016–2017 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ജനുവരി 31 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 3 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 5 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
22.01.2021

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675